*Final report of the Minor Research Project*

# ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്തിലെ ഉള്ളാടരുടെ സംസ്കാരവും കലകളും

## [The Art and Culture of Ulladans of Idukki - Kanjikkuzhi Panchayat]

***Submitted to***

**UNIVERSITY GRANTS COMMISSION**

MRP (H)/1246/13-14/KLMG020/UGC/SWRO

398 FRA-I

PR0021

**FRANCIS MICHAEL**

*Assistant Professor, Dept. of Malayalam*

*Nirmala College Muvattupuzha*

*Kerala - 686 661*

# ഉള്ളടക്കം

പേജ് നമ്പർ

ആമുഖം

അധ്യായം 01

നാടോടി വിജ്ഞാനം - 1

അധ്യായം 02

ഇടുക്കി - കഞ്ഞിക്കുഴി പഞ്ചായത്തിലെ
ഉള്ളാടരുടെ സംസ്കാരവും കലകളും - 12

അധ്യായം 03

ഉപസംഹാരം - 37

# ആമുഖം

ഗ്രാമീണ ചൈതന്യമാണ് ഫോക്‌ലോർ. നാടോടി ജീവിതങ്ങളുടെ തനിമയും സംസ്ക്കാരവും അടുത്തറിയുന്നതാണ് ഫോക്‌ലോർ പഠനം. വൈവിധ്യങ്ങളുടെ ലോകം സമഗ്രതകളെ അന്വേഷിക്കുന്ന കാലയളവാണിത്. ഏതൊരു സംസ്ക്കാരവും മഹത്തരമാണെന്നും, എല്ലാ ജീവിതക്രമങ്ങളും ഒന്നുപോലെ ആദരിക്കപ്പെടണമെന്നും സംസ്ക്കാര പഠനവും മാനുഷിക സങ്കല്പങ്ങളും നിഷ്കർഷിക്കുന്നു. ഗോത്ര സംസ്കൃതി മനുഷ്യജീവിതത്തിന് ഉദാത്ത മാതൃകകൾ നൽകുന്നുണ്ട്. സാഹോദര്യത്തിന്റെ, സമത്വത്തിന്റെ, സാമൂഹികതയുടെ - എല്ലാം മികച്ച സങ്കല്പങ്ങൾ ഗോത്ര ജീവിതത്തിലുണ്ട്. ഉത്കൃഷ്ടമായ ജീവിതക്രമങ്ങളെ അടുത്തറിയാനുള്ള ശ്രമമെന്ന നിലയിൽ ഫോക്‌ലോർ പഠനങ്ങൾ പ്രശംസനീയമാണ്. ഈ തിരിച്ചറിവാണ് ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിലെ ഉള്ളാടരുടെ ജീവിതവും സംസ്ക്കാരവും പഠനവിഷയമാക്കിയത്. തങ്ങളുടെ തനതു സംസ്കാരത്തെ ഉപേക്ഷിച്ച് പരിഷ്കൃത സംസ്കാരത്തിന്റെ ജീവിതക്രമം സ്വായത്തമാക്കാനുള്ള വ്യഗ്രതയിലാണ് ഇപ്പോൾ ഉള്ളാടർ. ഒരു പക്ഷേ ആ സംസ്ക്കാരം എന്നേയ്ക്കുമായി നഷ്ടപ്പെടുകയും ചെയ്തേക്കാം. ആധികാരിക പഠനങ്ങൾ ഉള്ളാടരുടെ ജീവിതത്തെക്കുറിച്ച് നടന്നിട്ടില്ല. അവരുടെ ലോകത്തിൽ പ്രവേശിക്കുക അത്ര എളുപ്പമുള്ള കാര്യവുമല്ല. ഇക്കാരണങ്ങൾ കൊണ്ട് ഉള്ളാടരുടെ ജീവിതത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനം പ്രസക്തമാകുന്നു. പ്രബന്ധത്തെ സൗകര്യാർത്ഥം രണ്ട് അധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്നു. ഒന്നാം അധ്യായം ഫോക്‌ലോർ പഠനത്തിന്റെ ചരിത്രവും ഭൂമികയും സവിശേഷതകളും പഠന വിധേയമാക്കുന്നു. രണ്ടാം അധ്യായം ഉള്ളാടരുടെ ജീവിതത്തെക്കുറിച്ചുള്ള വിശദമായ അന്വേഷണമാണ്. കണ്ടെത്തിയ നിഗമനങ്ങൾ ഉപസംഹാരത്തിൽ ചേർത്തിരിക്കുന്നു.